കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, ഓണാട്ടുകര പ്രദേശത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുംവേണ്ടി ഗവൺമെന്റ് ഒരു കൂടു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നെൽക്കൃഷിക്കാവശ്യമായ ജലസേചനം മുതലായ കാര്യങ്ങൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. തെങ്ങിന് ജലസേചനത്തിനുവേണ്ടി പമ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, രാസവള പ്രയോഗം പ്രോൽസാഹിപ്പിക്കുക, അത്യുൽപ്പാദന ശേഷിയുള്ള എള്ളിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുക ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 19-9-1985-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഈ പദ്ധതിക്കും അതിന്റെ കാര്യക്ഷമമായ നടത്തിപ്പിനുംവേണ്ടി ഓണാട്ടുകര വികസന അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(18) പുനലൂർ-വെട്ടിപ്പുഴപാലം പുതുക്കിപ്പണിയൽ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തകർന്നു വീഴാറായ പാലങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് പുനലൂരുള്ള വെട്ടിപ്പുഴ പാലം. 90 വർഷങ്ങൾക്കു മുമ്പ് പണിത ഈ പാലം ഇന്ന് ഏതു നിമിഷവും തകരാവുന്ന അപകട സ്ഥിതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ പാലത്തിന് എന്തെങ്കിലും സംഭവിച്ചാൽ തിരുവനന്തപുരത്തു നിന്ന് പുനലൂർ വഴി പോകുന്ന മുഴുവൻ വാഹനങ്ങളുടേയും യാത്ര നിലയ്ക്കുകയാണ്. അടുത്ത കാലത്ത് അത് ഒരു കോൺട്രാക്ടർക്ക് ടെൻഡർ കൊടുത്തു. കോൺട്രാക്ടർ പണി ഏറ്റെടുത്ത് വർക്ക് തുടങ്ങി. എന്തോ ചില കാരണങ്ങളാൽ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് പണി ഇട്ടേച്ചുപോയ ശേഷം അവിടെ താല്ക്കാലികമായി ഒരു പാലമുണ്ടാക്കി അപകടം തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് അതിന്റെ പണി പൂർത്തിയാക്കാൻ യാതൊരു നിവൃത്തിയുമില്ല. ഇപ്പോൾ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഏത്രയും പെട്ടെന്ന് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി പാലം പുതുക്കിപണിയുന്നതിനുവേണ്ടി എന്തു നടപടികളുണ്ടെങ്കിലും അത് സ്വീകരിച്ച്, അവിടെ താമസിക്കുന്ന കച്ചവടക്കാരെ നിരാബിലിറ്റേറ്റ് ചെയ്യുന്നവർക്ക് ന്യായമായി കിട്ടാനുള്ള കോമ്പൻസേഷൻ കൊടുത്തു ഈ പാലത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മി. സ്പീക്കർ: ഇതിന് മറുപടി പിന്നീട് പറയുന്നതാണ്.

(19) വടകരയിലെ വില്യാപ്പള്ളി ടൗണിലുള്ള സഹകരണ ഓർഫനേജിൽനിന്നും ആശുപത്രിയിൽനിന്നും റോഡിലേക്കൊഴുക്കി വിടുന്ന മലിനജലം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വടകരയിലടുത്ത് വില്യാപ്പള്ളി ടൗണിൽ സഹകാര്യ മേഖലയിൽ ഓർഫനേജും എം.ജി. ആശുപത്രി എന്ന പേരിൽ ഒരാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. മൂന്നു നാലുമാസമായിട്ട് ഈ സ്ഥാപനങ്ങളിൽനിന്ന് വളരെ വലിയ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly